DESPATCHED
On 31/01/2020

7.1.20.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,


തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.-nic.-in


## ഹർജി നമ്പർ A.P. No.240(6)/2018/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

*(ഫയൽ നം.993/എസ്.ഐ.സി-ജി 5/2018)*

സന്നിഹിതൻ

ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

ശ്രീമതി ഡോളി ജോൺ
റ്റി.എൽ.ആർ.എ –1, റ്റി സി4/1146
കവടിയാർ. പി.ഒ.,
തിരുവനന്തപുരം –3
} അപ്പീൽ ഹർജിക്കാരി

1. പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &അണ്ടർ സെക്രട്ടറി
ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര(റൂൾസ്)വകുപ്പ്
ഗവ.സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.

2. അപ്പീൽ അധികാരി & അഡീഷണൽ സെക്രട്ടറി
ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര(റൂൾസ്)വകുപ്പ്
ഗവ.സെക്രട്ടറിയേറ്റ്, തിരുവനന്തപുരം

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 26.10.2017 |
| മറുപടി ലഭ്യമാക്കിയ തീയതി | 02.11.2017 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 27.11.2017 |
| മറുപടി ലഭ്യമാക്കിയ തീയതി | 14.12.2017 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 29.01.2018 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 30.01.2018 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 23.03.2018 |
| മേൽ പ്രസ്താവിച്ച പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 18.04.2018 |
| ഹിയറിംഗ് തീയതി<br>സ്ഥലം | 03.01.2020.. സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിധ്യം :അപ്പീൽ ഹർജിക്കാരി<br>: എസ്.പി.ഐ.ഒ | ഹാജരായില്ല<br>ഹാജരായി |

RIGHT TO INFORMATION

## ഉത്തരവ്

അപ്പീൽ ഹർജിക്കാരിയായ ശ്രീമതി.ഡോളി ജോൺ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാളുടെ ഒന്നാം അപ്പീൽ അപേക്ഷയിൽ ചൂണ്ടിക്കാട്ടിയ വിവരങ്ങൾ നിയമപരമായി പരിശോധിക്കാതെ ഒന്നാം എതിർകക്ഷിയുടെ അഭിപ്രായം അതേപടി പകർത്തി നൽകുകയാണ് രണ്ടാം എതിർകക്ഷി ചെയ്തതെന്നും ടിയാൾ വിവരാവകാശ നിയമപ്രകാരം വിവരം തേടിയത് ഒരു എക്സിക്യൂട്ടീവ് ഉത്തരവ് പുറത്തിറക്കിയതിന്റെ പശ്ചാത്തലത്തിലാണെന്നും സർവ്വീസ് സംബന്ധിച്ചിറക്കിയ ഉത്തരവ് P&ARD വകുപ്പായതിനാലാണ് മേൽപ്പടി വകുപ്പിൽ നിന്നും വിവരം തേടിയതെന്നും ഹർജിക്കാരി തേടിയിട്ടുള്ളത് സംശയ നിവാരണമാണ് എന്ന വാദം വിവരാവകാശ നിയമത്തോടുള്ള വെല്ലുവിളിയാണെന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരി ആവശ്യപ്പെട്ടത്, കേരള സർക്കാർ സർവ്വീസിൽ "സ്റ്റേറ്റ് സർവ്വീസിൽ" ഉൾപ്പെട്ട ഒരു തസ്തികയും 'സബോർഡിനേറ്റ് സർവ്വീസിൽ' ഉൾപ്പെട്ട മറ്റൊരു കേഡറിലെ തസ്തികയും തമ്മിൽ ഒരു എക്സിക്യൂട്ടീവ് ഉത്തരവ് മുഖേന സംയോജിപ്പിക്കാൻ കഴിയുമോ എന്നും എങ്കിൽ അതു സംബന്ധിച്ച ഉത്തരവ്, ചട്ടം, ക്ലോസ് എന്നിവയുടെ പകർപ്പ് നൽകണമെന്നുമാണ്.

മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, സംശയ നിവാരണമാണ് ഹർജിക്കാരിയുടെ അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്നതെന്നും വ്യാഖ്യാനം, സ്പഷ്ടീകരണം, വിശദീകരണം, സംശയനിവാരണം എന്നിവ ആവശ്യപ്പെടാൻ വിവരാവകാശ നിയമത്തിൽ വ്യവസ്ഥയില്ലെന്നുമാണ്. ഹർജിക്കാരി രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പോ, സർക്കാരോ പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും ഉത്തരവിനെ സംബന്ധിച്ച സംശയനിവാരണം, വ്യാഖ്യാനം, സ്പഷ്ടീകരണം, വിശദീകരണം എന്നിവയൊന്നും ടിയാൻ ആവശ്യപ്പെട്ടിട്ടില്ലായെന്നും ടിയാൾക്ക് വിവരം നിഷേധിച്ചത് വിവരാവകാശ നിയമത്തിലെ ഏതു വകുപ്പു പ്രകാരമാണെന്ന് പറയുന്നില്ലായെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരവും അത് ഉൾക്കൊള്ളുന്ന രേഖകളുടെ പകർപ്പും സൗജന്യമായി നൽകണമെന്നുമാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം

എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരി ടിയാളുടെ അപേക്ഷയിൽ ആവശ്യപ്പെട്ടത് വിവരാവകാശ നിയമത്തിലെ 2(എഫ്) പ്രസ്താവിച്ചിട്ടുള്ള വിവരമല്ലെന്നും മറിച്ച് സംശയ നിവാരണമാണ് നടത്തിയിട്ടുള്ളതെന്നും ആയതിനാൽ ഹർജിക്കാരി ആവശ്യപ്പെട്ട വിവരം വിവരാവകാശ നിയമ പ്രകാരം നൽകാനാകാത്തതിനാൽ ടിയാളുടെ അപ്പീൽ അപേക്ഷ നിരസിക്കുന്നു എന്നുമാണ്.

3. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരി ആവശ്യപ്പെട്ട വിവരം എതിർകക്ഷി ഓഫീസിലെ ഏതെങ്കിലും ഫയലിലോ, രജിസ്റ്ററിലോ, കമ്പ്യൂട്ടർ സിസ്റ്റത്തിലോ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുള്ള ഒന്നല്ലെന്ന് കാണുന്നു. ഹർജിക്കാരി ആവശ്യപ്പെട്ടത്, സ്റ്റേറ്റ് സർവ്വീസിൽ ഉൾപ്പെട്ട ഒരു തസ്തികയും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട മറ്റൊരു കേഡറിലെ തസ്തികയും തമ്മിൽ ഒരു എക്സിക്യൂട്ടീവ് ഉത്തരവ് മുഖേന സംയോജിപ്പിക്കുവാൻ കഴിയുമോ എന്നാണ്. ആയത് വിവരാവകാശ നിയമത്തിലെ 2(എഫ്) പ്രകാരം നിർവചിച്ചിട്ടുള്ള 'വിവരം' എന്നതിന്റെ പരിധിയിൽ വരുന്നതല്ല എന്ന എതിർകക്ഷിയുടെ വാദം കമ്മീഷൻ അംഗീകരിക്കുന്നു. ഹർജിക്കാരി ആവശ്യപ്പെട്ടിട്ടുള്ളത് വിശദീകരണമാണ് എന്നതിൽ തർക്കമില്ല. ഹർജിക്കാരി ആവശ്യപ്പെട്ടിട്ടുള്ള രേഖ മേൽ പ്രസ്താവിച്ച പ്രകാരമുള്ള ഗവൺമെന്റ് ഉത്തരവോ, ചട്ടമോ സംബന്ധിച്ച വിവരമാണെന്ന് കാണുന്നു. ഹർജിക്കാരി ഏതെങ്കിലും പ്രത്യേകമായൊരു രേഖയുടെ പകർപ്പിനല്ല ആവശ്യപ്പെട്ടിട്ടുള്ളതെന്നും ടിയാളുടെ അപേക്ഷയിൽ നിന്നും വ്യക്തമാകുന്നു. ആയതിനാൽ ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 ജനുവരി 7-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്
വിൻസൻ എം. പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

SU

STATE INFORMATION COMMISSION THIRUVANANTHAPURAM

RIGHT TO INFORMATION